# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2347** **01/04/2013 ൽ മറുപടിക്ക്**

**കാൻസർ രോഗനിർണ്ണയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രതിവർഷം കാൻസർ മൂലം എത്ര പേർ ശരാശരി മരണപ്പെടുന്നുവെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; | (എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിന്റെയും, തലശ്ശേരി മലബാർ കാൻസർ സെന്ററിലെയും കാൻസർ രജിസ്ട്രിയുടെ അടിസ്ഥാനത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ മരണപ്പെട്ട രോഗികളുടെ എണ്ണം താഴെ ചേർക്കുന്നു.<br><br>Years \| RCC \| MCC<br>2010-11 \| 787 \| 164 |
| (ബി) | കാൻസർ രോഗനിർണ്ണയം വൈകുന്നതുമൂലം മരണനിരക്ക് വർദ്ധിക്കുന്ന സാഹചര്യമൊഴിവാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കാൻസർ രോഗനിർണ്ണയത്തിനു വേണ്ടി അത്യാധുനിക സംവിധാനങ്ങൾ ആർ.സി.സിയിൽ സജ്ജമാണ്. സ്തനം, ഗർഭാശയഗളം, വായ് തുടങ്ങിയ ഭാഗങ്ങളിലുണ്ടാകുന്ന കാൻസർ ആണ് കേരള ജനതയിൽ കൂടുതലായി കണ്ടുവരുന്നത്. ഇവ നേരത്തെക്കൂട്ടി കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം ആർ.സി.സി.യിലും മലബാർ കാൻസർ സെന്ററിലും സജ്ജമാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഡോക്ടർമാർക്കും മറ്റ് ആരോഗ്യപ്രവർത്തകർക്കും ഈ മേഖലയിൽ പ്രത്യേക പരിശീലനങ്ങളും ആർ.സി.സി.യും എം.സി.സിയും നൽകി വരുന്നുണ്ട്. |

| Years | RCC | MCC |
|---|---|---|
| 2010-11 | 787 | 164 |

| | | | |
|---|---|---|---|
| (സി) | രോഗനിർണ്ണയം സംബന്ധിച്ച് എല്ലാ സർക്കാർ ഡോക്ടർമാർക്കും ആവശ്യമായ പരിശീലനം നൽകുകയും എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കാൻസർ രോഗ നിർണ്ണയം സംബന്ധിച്ച പരിശീലനം സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാർക്ക് ലഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള എല്ലാ ജില്ലകളിലേയും ഒരു ഡോക്ടർക്കും, രണ്ട് സ്റ്റാഫ് നേഴ്സമാർക്കും കാൻസർ ചികിത്സാ നൽകുന്നതിനുള്ള പരിശീലനം, RCC, MCC വഴി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ കാൻസർ ചികിത്സ ലഭ്യമല്ലാത്ത ഏഴ് ജില്ലകളിലെ ഒരു ആശുപത്രിയിൽ കാൻസർ ചികിത്സാ പദ്ധതി സജ്ജീകരിക്കുന്നതിന് 10 ലക്ഷം രൂപ വീതം അനുവദിക്കുകയുണ്ടായി. വരും വർഷങ്ങളിൽ ഇത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ